File No.FWLD-D1/584/2016-FWLD

2166
2/2/17

കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ് - 2017-18 സാമ്പത്തിക വർഷത്തിൽ ഫോറസ്റ്റ് ഗൈഡ് അച്ചടിക്കുന്നതിന് ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (ഡി) വകുപ്പ്

**G.O.(Rt)No. 27/2017/F&WLD** തീയതി, തിരുവനന്തപുരം,24/01/2017

പരാമർശം: അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഒഫ് ഫോറസ്റ്റ്സ് (ഭരണം) -ന്റെ 11.11.2016-ലെ എഫ്.ഐ.ബി (1) 108/16 നം. കത്ത്.

ഉത്തരവ്

ഫോറസ്റ്റ് ഗൈഡ് 2017-18 അച്ചടിക്കുന്നതിനുള്ള പ്രപ്പോസൽ പരാമർശിത കത്തു പ്രകാരം ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് സമർപ്പിക്കുകയുണ്ടായി. വനം വകുപ്പിലെ ജീവനക്കാർ, ജനപ്രതിനിധികൾ, പത്രമാധ്യമങ്ങൾ, ഇതര ഡിപ്പാർട്ട്മെന്റുകൾ, പൊതുജനങ്ങൾ എന്നീ വിഭാഗങ്ങൾക്ക് നൽകുവാൻ 10,000 എണ്ണം ഫോറസ്റ്റ് ഗൈഡ് 8,00,000/- രൂപയ്ക്ക് കൊച്ചി കാക്കനാട്ടെ കേരള ബുക്ക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റിയിൽ അച്ചടിക്കുന്നതിനുള്ള ഭരണാനുമതി നൽകണമെന്ന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2017-18 സാമ്പത്തിക വർഷത്തിൽ, ഫോറസ്റ്റ് ഗൈഡിന്റെ 5000 കോപ്പികൾ 4,00,000/- (നാല്പ ലക്ഷം രൂപ മാത്രം) രൂപയിൽ ചെലവ് നിജപ്പെടുത്തി, കൊച്ചി കാക്കനാട്ടെ കേരള ബുക്ക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റിയിൽ അച്ചടിച്ച് വിതരണം ചെയ്യുന്നതിനുള്ള ഭരണാനുമതി നൽകി ഉത്തരവാകുന്നു. ഇതിനു ചെലവാകുന്ന തുക 2406-01-800-55-01-Extension Forestry (PV) എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കാവുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**GIRIJA KUMARI G**
**DEPUTY SECRETARY**

സ്വീകർത്താവ്:- അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഭരണം), തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / (എ & ഇ) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (അനൗ.കുറിപ്പ് നം. അഗ്രി.ബി 1/226/2016-ധന തീയതി:7/12/2016 പ്രകാരം)
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് (അനൗ.കുറിപ്പ് നം.PLGEA-A1/74/2016-PLGEA തീയതി : 17/01/2017 പ്രകാരം)
✓വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Lailsala-S.D
സെക്ഷൻ ഓഫീസർ